# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം.50 04.02.2020-ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. കെ.സി.ജോസഫ് | ഡോ. ടി.എം. തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പുമന്ത്രി |

## സാമ്പത്തിക പ്രതിസന്ധി

| | | |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ സാമ്പത്തിക നില അനുദിനം ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് നീങ്ങുകയാണ് എന്ന ആക്ഷേപം ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | കേന്ദ്ര സർക്കാർ കൈക്കൊണ്ട വികലമായ സാമ്പത്തിക നയങ്ങളുടെയും നോട്ട് നിരോധനത്തിന്റെയും വേണ്ടത്ര അവധാനതയില്ലാതെ നടപ്പിലാക്കിയ ചരക്ക് സേവന നികുതിയുടെയും പരിണിത ഫലമായി രാജ്യത്ത് ഉടലെടുത്ത സാമ്പത്തിക മാന്ദ്യം സംസ്ഥാന സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിച്ചിരുന്നു. തുടർച്ചയായ വർഷങ്ങളിൽ ഉണ്ടായ രണ്ടു പ്രളയങ്ങൾ, നോട്ട് നിരോധനത്തിന്റെയും ചരക്ക് സേവന നികുതിയുടെയും ആഘാതത്തിൽ ഉഴലുന്ന സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശേഷിയെ കൂടുതൽ ദുർബലമാക്കി. ഇതോടൊപ്പം ജീവനക്കാരുടെ പി.എഫ്, ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പടക്കമുള്ള പബ്ലിക് അക്കൗണ്ടുകളിലെ വർദ്ധനവ് ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ അംഗീകൃത വായ്പ വെട്ടിച്ചുരുക്കിയ കേന്ദ്ര സർക്കാർ സമീപനം സ്ഥിതി വീണ്ടും വഷളാക്കി. ടി സാഹചര്യത്തിലും നടപ്പ് സാമ്പത്തിക വർഷം അവസാന ത്രൈമാസത്തിൽ പൊതു വിപണിയിൽ നിന്നും 4908 കോടി രൂപ വായ്പയെടുക്കുവാൻ അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിച്ചിരുന്നു. എന്നാൽ ടി സ്ഥാനത്ത് 1920 കോടി രൂപയ്ക്കുള്ള അനുമതി മാത്രമാണ് കേന്ദ്ര സർക്കാർ നൽകിയത്. ചരക്ക് സേവന നികുതി നടപ്പിലാക്കിയതിന്റെ ഭാഗമായി ഉണ്ടാകുന്ന വരുമാന നഷ്ടത്തിനുള്ള |

| | | |
|---|---|---|
| | | നഷ്ടപരിഹാരം രണ്ട് മാസത്തിലൊരിക്കൽ ലഭിക്കേണ്ടത് അകാരണമായി വൈകുന്നത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. 2019 ഒക്ടോബർ മാസം മുതലുള്ള നഷ്ടപരിഹാരം ഇനിയും ലഭിച്ചിട്ടില്ല. ഏകദേശം 1600 കോടി രൂപയോളം വരും രണ്ട് മാസത്തെ നഷ്ടപരിഹാരം മാത്രം. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കോർപ്പറേറ്റ് നികുതി ഇളവ് കേന്ദ്രത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടാക്കുന്ന ശോഷണം സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതത്തിൽ ഇടിവുണ്ടാക്കും. പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന പുനർ നിർമ്മാണത്തിന് വാർഷിക വായ്പാ പരിധിയ്ക്ക് പുറത്ത് വായ്പ എടുക്കുവാനോ വായ്പാ പരിധി ഉയർത്തുന്നതിനോ കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടില്ല. അതേ സമയം പ്രളയത്തിൽ നഷ്ടപ്പെട്ട പശ്ചാത്തല സൗകര്യങ്ങളും ജീവനോപാധികളും സമയബന്ധിതമായി പുനർ സൃഷ്ടിക്കേണ്ടതുമുണ്ട്. മേൽ വിവരിച്ച സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ സാമ്പത്തിക ഞെരുക്കം സംസ്ഥാനം അഭിമുഖീകരിക്കുന്നുണ്ടെന്നത് ഒരു വസ്തുതയാണ്. |
| (ബി) | നികുതി പിരിവിലെ പരാജയമാണ് ഈ ഗുരുതരമായ സ്ഥിതിവിശേഷത്തിലേക്ക് എത്തിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഇല്ല. രാജ്യം നിലവിൽ അഭിമുഖീകരിക്കുന്ന സാമ്പത്തിക മാന്ദ്യം കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ വസ്തുത പരിഗണിക്കാതെയും അഭിമുഖീകരിക്കാതെയും കേന്ദ്ര സർക്കാർ സംസ്ഥാനത്തിനുമേൽ അടിച്ചേൽപ്പിക്കുന്ന ഭാരമാണ് അടിസ്ഥാന കാരണം. |
| (സി) | നിത്യനിദാന ചെലവുകൾക്കായി കോടികൾ കടമെടുക്കുമ്പോഴും സർക്കാർ ധൂർത്തും അനാവശ്യചെലവുകളും നടത്തുക യാണ് എന്ന് പറയപ്പെടുന്നത് വസ്തുതയാണോ; | അല്ല. നികുതി പിരിവ് ഊർജ്ജിതമാക്കിയും ധൂർത്തും അനാവശ്യ ചെലവുകളും ഒഴിവാക്കി ചെലവുകളിൽ മിതത്വം പാലിച്ചും സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചുവരുന്ന നയം. ഇതിന്റെ ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന |
| (ഡി) | സാമ്പത്തിക പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ പാഴ്ചെലവുകൾ നിയന്ത്രിച്ചുകൊണ്ട് വികസന | |

| | | |
|---|---|---|
| | പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തി 2018 ഏപ്രിൽ മാസത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് നിലവിൽ പ്രാബല്യത്തിലുമാണ്. എന്നാൽ പ്രളയത്തിന്റെയും മാന്ദ്യത്തിന്റെയും പശ്ചാത്തലത്തിൽ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി പരമാവധി പണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആവശ്യമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടിരുന്നത്. ഇതോടൊപ്പം സാമൂഹ്യക്ഷേമ വികസന ചെലവുകൾ ഭംഗം കൂടാതെ നടത്തുവാൻ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിട്ടുമുണ്ട്. ടി പ്രവൃത്തി തുടരുന്നതാണ്. രാജ്യത്ത് നടപ്പിലാക്കുന്ന ഏറ്റവും ഫലപ്രദമായ മാന്ദ്യവിരുദ്ധ പാക്കേജ് കേരളത്തിൽ കിഫ്ബി മുഖാന്തരം നടക്കുന്ന അന്യാദൃശമായ മൂലധന നിക്ഷേപമാണ്. |

**സെക്ഷൻ ഓഫീസർ**